LIBRARY ARCHIVES Kerala Legislative Assembly

മൂന്നാറിൽ ഡി.റ്റി.പി.സി.-യുടെ ബൊട്ടാണിക്കൽ ഗാർഡൻ

337 (1045) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ ഡി.റ്റി.പി.സി.-യുടെ ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എതുവരെയായി ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ;

(സി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മൂന്നാറിൽ ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിനായി 4.5 കോടി രൂപയുടെ ഭരണാനുമതി 29-5-2014-ൽ നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നിർവ്വഹിക്കുന്നത് ഇടുക്കി ഡി.റ്റി.പി.സി.-യാണ്. ആയതിനാൽ ടൂറിസം വകപ്പും ഇടുക്കി ഡി.റ്റി.പി.സി.-യും കരാറിൽ ഏർപ്പെടുകയും ആദ്യ ഗഡുവായി എസ്റ്റിമേറ്റ് തുകയുടെ 50% (2,25,00,000 രൂപ) ഡി.റ്റി.പി.സി.-ക്ക് നൽകുകയുമുണ്ടായി.

വിനോദസഞ്ചാര വികസന മേഖലയിലെ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ

338 (1046) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വികസനമേഖലയിൽ 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;